പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.652 28.09.2016-ൽ മറുപടിയ്ക്ക്

പറപ്പൂർ-കല്ലകയം കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
| --- | --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | പറപ്പൂർ-കല്ലകയം കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പി ക്കവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ നഗരസഭ ചെയർമാൻ നൽകിയ നിവേദനത്തിൻമേൽ കൈകൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ കോട്ടക്കൽ നഗരസഭ, കോട്ടയ്ക്കൽ പറപ്പൂരിലെ നിലവിലെ കല്ലകയം വിതരണ പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടക്കൽ നഗരസഭാ ചെയർമാനും എം.എൽ.എയും നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ വച്ച് ബഹുമാനപ്പെട്ട എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിലെ തീരുമാനം അനുസരിച്ച് നിലവിലുള്ള കോട്ടക്കൽ കല്ലകയം കുടിവെള്ള പദ്ധതി പുനരുദ്ധാരണ പ്രവൃത്തികൾക്കു വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| ബി | ഇത് സംബന്ധിച്ച് കഴിഞ്ഞ നിയമസഭ സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 626-ാം നമ്പർ ചോദ്യ ത്തിന് നൽകിയ മറുപടിയ്ക്ക് കൂടുതൽ വ്യക്തത ലഭ്യമാക്കുമോ? | ബി കടലുണ്ടിപ്പുഴയുടെ വെങ്കിട്ടക്കയം സ്രോത സ്സായി നിലവിലെ കോട്ടക്കൽ പറപ്പൂർ ശുദ്ധജല വിതരണ പദ്ധതി കോട്ടക്കൽ പറപ്പൂർ ഒതുക്കുങ്ങൽ പഞ്ചായത്തുകളിലെ ഏകദേശം 15,000 പേർക്ക് പ്രയോജന പ്പെടുത്തുന്നവിധം 1993-ൽ പൂർത്തീകരി ച്ചതാണ്. വേനൽക്കാലത്ത് സ്രോതസ്സ് തീരെ അപര്യാപ്തമായതിനാലും നിലവിലുള്ള 2.25 എം.എൽ.ഡി ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ കാലപ്പഴക്കം മൂലവും പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ശുദ്ധജല വിതരണം നടത്തുവാൻ സാധിക്കുന്നില്ല. 2011-ലെ സെൻസസ്സ് പ്രകാരം കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ ജനസംഖ്യ തന്നെ 43832 ആണ്. ആയതിനാൽ കോട്ടക്കൽ മുൻസിപ്പാലിറ്റിയിലെ മുഴുവൻ പേർക്കും ശുദ്ധജല വിതരണം ചെയ്യുവാൻ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണം അത്യാവശ്യമാണ്. ഇതിനായി 10 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കോട്ടക്കൽ മുൻസിപ്പാലിറ്റിക്ക് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ